**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 294** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഓണക്കിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്ത ഓണക്കിറ്റ് ഓണത്തിനുമൻപ് എല്ലാ കുടുംബങ്ങളിലേക്കും എത്തിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | 2021 തിരുവോണത്തിനു മുമ്പ് റേഷൻകടകളിൽ സൗജന്യ ഓണക്കിറ്റ് വാങ്ങാൻ എത്തിയ എല്ലാ കാർഡുടമകൾക്കും ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സപ്ലൈകോ ഡിപ്പോകൾ, പാക്കിംഗ് സെൻററുകൾ, റേഷൻകടകൾ എന്നിവ 19/08/2021, 20/08/2021 (ഉത്രാടം) എന്നീ അവധി ദിവസങ്ങളിൽ വരെ പ്രവർത്തിച്ച് സൗജന്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. റേഷൻ കടകളിൽ സൗജന്യ കിറ്റ് ആവശ്യപ്പെട്ട് എത്തുന്ന എല്ലാവർക്കും കിറ്റ് ലഭ്യമാക്കാൻ ഡിപ്പോകൾക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. ഓണത്തിന് കിറ്റ് കൈപ്പറ്റാൻ എത്താതിരുന്ന കാർഡുടമകൾക്കു കൂടി സൗജന്യ കിറ്റ് കൈപ്പറ്റാനായി കിറ്റ് വിതരണം 03/09/2021 വരെ ദീർഘിപ്പിച്ചിരുന്നു. |
| (ബി) | പ്രസ്തുത കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും, കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി ( DMC ) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, മറ്റ് വിതരണക്കാർ മുതലായവരിൽ നിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്. കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്; വിശദമാക്കാമോ? | (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം |

| | | | | |
|---|---|---|---|---|
| | | | | പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD FQM Lab, റീജിയണൽ അനാലിറ്റിക്കൽ ലാബ് , മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യ വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്കേർപ്പെടുത്തൽ, പിഴ ഈടാക്കൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശന നടപടികൾ എടുത്തുവരുന്നു .കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യ കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനും മേൽ പറഞ്ഞ സംവിധാനം തന്നെയാണ് ഉപയോഗപ്പെടുത്തുന്നത്. ഓണക്കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുവാൻ ക്വാളിറ്റി വിഭാഗവും വിജിലൻസ് വിഭാഗവും സംയുക്തമായി ചേർന്ന് എല്ലാ ജില്ലകളിലെയും കിറ്റ് പാക്കിംഗ് സെന്ററുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ